സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,

നം. സി.ജി(2)52645/2015 തീയതി: 25-06-2016

Website : www.cooperation.kerala.gov.in
E-mail: keralarcs@gmail.com
Ph: 0471-2330726

## സർക്കുലർ നമ്പർ: 20/2016

വിഷയം:- സഹകരണ വകുപ്പ് - കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ - 31-12-2007-ന് മുമ്പ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിൽ കടം അടച്ചു തീർത്തവർക്ക് കടാശ്വാസ തുക തിരികെ നൽകുന്നതിന് അനുമതി - മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്

സൂചന:- 16-02-2016-ലെ സ.ഉ.കൈ.6/16/മതുവ നമ്പർ ഉത്തരവ്.

****

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ 31-12-2007-ന് മുമ്പ് സഹകരണസംഘങ്ങളിൽ/ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള കടങ്ങളിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ കടാശ്വാസം ശുപാർശ ചെയ്ത തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിവധ ആഫീസുകളിൽ പുരോഗമിച്ചുവരുന്ന വേളയിൽ മോറട്ടോറിയം ഉത്തരവ് വകവയ്ക്കാതെയും, അതിനുവിരുദ്ധമായും തുക ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിച്ച കേസുകളിൽ അത്തരം തുക അവർക്ക് മടക്കി നൽകുന്നതിനും, ആയതിനുള്ള അപേക്ഷ കടാശ്വാസ കമ്മിഷന് നൽകുന്നതിന് വായ്പക്കാരന് നിർദ്ദേശം നൽകിയും സൂചന പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി നിർദ്ദേശം സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ കടാശ്വാസം ശുപാർശ ചെയ്തിരുന്ന വായ്പകളിൽ കടാശ്വാസ തുക ലഭ്യമാകുന്നതിന് മുമ്പ്

വായ്പക്കാരൻതന്നെ സർക്കാർ ബാദ്ധ്യതകൂടി ഏറ്റെടുത്ത് വായ്പാ കണക്ക് അവസാനിപ്പിച്ച കേസുകളിൽ അത്തരം തുക അവർക്ക് മടക്കി ലഭിക്കുന്നതിനായി അടച്ച തുകയുടെ രേഖകൾ സഹിതം കടാശ്വാസ കമ്മിഷന് അപേക്ഷ നൽകുന്നതിന് വായ്പക്കാരന് അറിയിപ്പ് നൽകേണ്ടതാണെന്ന് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർ നിർദ്ദേശം നൽകേണ്ടതും ടി നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും പാലിക്കുന്നുണ്ടെന്ന് ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പു വരുത്തേണ്ടതുമാണ്.

ഒപ്പ്/-
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
3. എല്ലാ ജില്ലാ സഹകരണ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
4. മാനേജിംഗ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, KSCB/KSCARDB
5. ജനറൽ മാനേജർ, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, എല്ലാ ജില്ലാ സഹകരണ ബാങ്കും
6. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. സെക്രട്ടറി, എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
9. സ്പെയർ
10. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)